പതിനാലാം കേരള നിയമ സഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3011 07.11.2019- ൽ മറുപടിക്ക്

**പേരുച്ചാൽ പാലത്തിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാജു എബ്രഹാം : | | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | പേരുച്ചാൽ പാലത്തിന്റെ നിർമ്മാണം ആരംഭിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ; എന്തൊക്കെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്; ഇനി എന്തൊക്കെ പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | പ്രസ്തുത പാലത്തിന്റെ നിർമ്മാണം 26/05/1997-ൽ ആരംഭിച്ചു. പാലം നിർമ്മാണം, സംരക്ഷണ ഭിത്തി നിർമ്മാണം, എർത്ത്, ഫില്ലിംഗ്, വെൽ ഫൗണ്ടേഷൻ ബലപ്പെടുത്തൽ എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചു. അപ്രോച്ച് റോഡിന്റെ ഉപരിതല നിർമ്മാണം കൂടി പൂർത്തീകരിക്കേണ്ടതുണ്ട്. |
| (ബി) | പ്രസ്തുത പാലത്തിന്റെ നിർമ്മാണം വൈകാനുണ്ടായ കാരണ മെന്തെന്ന് വ്യക്തമാക്കാമോ; | (ബി) | പഴയ കരാർ റദ്ദാക്കി പുതിയ കരാർ തീരുമാനിക്കുന്നതിൽ ഉണ്ടായ കാലതാമസം മൂലമാണ് നിർമ്മാണ പ്രവർത്തനങ്ങൾ നീണ്ടുപോയത്. |
| (സി) | പാലത്തിന്റെ അപ്രോച്ച് റോഡിന്റെ നിർമ്മാണം മാത്രം ബാക്കിയിരിക്കെ, പ്രവൃത്തി നടപ്പാക്കുന്നതിൽ കാലതാമസം വരുത്തിയത് ആരുടെ ഭാഗത്തുനിന്നുമുള്ള വീഴ്ചയാണെന്ന് വ്യക്തമാക്കാമോ; | (സി) | 2018-19 -ലെ പ്രളയവും തുടർന്നുണ്ടായ മഴയും പ്രവൃത്തി പൂർത്തികരിക്കുന്നതിന് തടസ്സമായിട്ടുണ്ട്. |
| (ഡി) | ഇപ്പോഴത്തെ കരാറുകാരന്റെ കരാർ കാലാവധി എന്നുവരെ യാണ്; പ്രസ്തുത കാലാവധിക്ക ുള്ളിൽ നിർമ്മാണം പൂർത്തി യാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്ത മാക്കാമോ? | (ഡി) | ദീർഘിപ്പിച്ച കാലാവധി 2019 നവംബർ 30 വരെയാണ്. മഴ മാറിയാൽ ബാക്കി പ്രവൃത്തികൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കാനാകും. |

സെക്ഷൻ ഓഫീസർ